ഉത്തരം

(എ ആന്റ് ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ ഭരണാനുമതി നൽകി ഏറ്റവും കുറഞ്ഞ കാലയളവുകൊണ്ട് പണി പൂർത്തീകരിക്കുന്നതുമാണ്.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ലെ സഞ്ചരിക്കുന്ന ജനറേറ്ററുകൾ

186 [1766] ശ്രീ. കെ. സി. ജോസഫ്:

" കെ. മുഹമ്മദാലി:

" എം. എ. ചന്ദ്രശേഖരൻ:

" ടി. വി. ചന്ദ്രമോഹൻ:

" പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം നിലയ്ക്കുന്നത് പരിഹരിക്കാൻ കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ൽ സഞ്ചരിക്കുന്ന ജനറേറ്ററുകൾ വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണെന്നും എന്തുവിലയാണെന്നും വെളിപ്പെടുത്താമോ;

(സി) ഈ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി എത്ര രൂപയ്ക്കുള്ള ഡീസൽ വാങ്ങിയിട്ടുണ്ട്; ഇതിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ, കാത്ത് ലാബ് സ്ഥാപിച്ച അവസരത്തിൽ ബാക്ക് അപ് ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനും വേണ്ടപ്പോൾ റിപ്പയർ ചെയ്യുന്നതിനും, ജനറേറ്റർ പ്രവർത്തിക്കാതെ വരുന്ന അവസരങ്ങളിൽ കരാറുകാരൻ സ്വന്തമായി ജനറേറ്റർ കൊണ്ടുവന്ന് വൈദ്യുതി വിതരണം നടത്തുവാനുമായി യഥാസമയം കരാർ നൽകി വന്നിട്ടുണ്ട്. 2003 ഡിസംബറിനുമുമ്പ് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ഡീസൽ സൊസൈറ്റി വാങ്ങി നൽകുകയായിരുന്നു പതിവ്. എന്നാൽ 2003 ഡിസംബറിൽ നൽകിയ കരാർ അനുസരിച്ച് കരാറുകാരൻ തന്നെ ഡീസൽ വാങ്ങി ജനറേറ്റർ പ്രവർത്തിപ്പിക്കാനാണ് വ്യവസ്ഥ. കെ.എച്ച്.ആർ.ഡബ്ല്യു. എസ്.-ൽ വൈദ്യുതി വിതരണം നിലയ്ക്കുന്നത് പരിഹരിക്കുന്നത് ഇപ്രകാരമാണ്. ഇതിലേക്കായി സഞ്ചരിക്കുന്ന ജനറേറ്ററുകൾ ഒന്നുംതന്നെ വാങ്ങിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly